**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2069** **12-02-2024 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ നിയോജക മണ്ഡലത്തിലെ നവകേരള സദസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നവകേരള സദസ്സിന്റെ ഭാഗമായി മട്ടന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും 3373 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ വേഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് വേണ്ടി എടുത്ത നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത അപേക്ഷകളിൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ പരാതികൾ പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അന്തിമ തീരുമാനം കൈക്കൊള്ളണമെന്നും നിവേദകർക്ക് വിശദമായ മറുപടി നൽകി വിവരം ഓൺ ലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടുതൽ നടപടിക്രമങ്ങളും കൂടുതൽ സമയവും ആവശ്യമുള്ള പരാതികൾ പരമാവധി 4 ആഴ്ചയ്ക്കകം തീർപ്പാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ നിവേദകന് ഇടക്കാല മറുപടി നൽകുന്നുണ്ട്.<br><br>നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാനം ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പ കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നവയിൽ ആവശ്യമായ നടപടി സ്വീകരിക്കും. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ